ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 12.04.2026 | TIME : 07.25 AM

പ്രധാന വാർത്തകൾ

1. പശ്ചിമേഷ്യയിൽ സമാധാനം സ്ഥാപിക്കാനായി അമേരിക്കയും ഇറാനും ഇസ്ലാമാബാദിൽ ചർച്ച നടത്തുന്നു; ഹോർമുസ് കടലിടുക്കുമായി ബന്ധപ്പെട്ട വിഷയങ്ങൾ പ്രധാന അജണ്ട.

   Talks between the United States and Iran are underway in the Pakistani capital Islamabad; Issues related to the Strait of Hormuz are on the main agenda.

2. യുഎഇ ഉപപ്രധാനമന്ത്രി ഷെയ്ഖ് അബ്ദുല്ല ബിൻ സായിദ് അൽ നഹ്യാനുമായി വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ കൂടിക്കാഴ്ച നടത്തി.

   External Affairs Minister S. Jaishankar met UAE Deputy Prime Minister Sheikh Abdullah bin Zayed Al Nahyan.

3. നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന പശ്ചിമ ബംഗാളിലും തമിഴ്നാട്ടിലും പ്രചാരണം ഊർജ്ജിതം; ബംഗാളിൽ തിരെഞ്ഞെടുപ്പ് റാലികളിൽ പങ്കെടുത്ത് പ്രധാനമന്ത്രി നരേന്ദ്ര മോദിയും മുഖ്യമന്ത്രി മമത ബാനർജിയും അടക്കമുള്ള പ്രമുഖർ.

   Election Campaigning intensifies in West Bengal and Tamil Nadu; Prime Minister Narendra Modi and Chief Minister Mamata Banerjee attended election rallies in Bengal.

4. അന്താരാഷ്ട്ര തിരഞ്ഞെടുപ്പ് അതിഥി പദ്ധതി പ്രകാരം 5 സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പ് നേരിട്ട് വിലയിരുത്തി 22 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ.

   International delegates from 22 countries commend India's electoral

process during Legislative Assembly Polls in Assam, Keralam and Puducherry.

5. സംസ്ഥാനത്ത് ഇന്നും നാളെയും ചൂട് ഏറ്റവും ഉയർന്ന നിലയിലെത്തുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

The central meteorological department has predicted that the temperature will reach its highest level in the state today and tomorrow.

6. ഐപിഎൽ ക്രിക്കറ്റിൽ ചെന്നൈ-ഡൽഹിയെയും, പഞ്ചാബ്-ഹൈദരാബാദിനെയും പരാജയപ്പെടുത്തി.

In IPL cricket, Chennai Beat Delhi and Punjab triumph Over Hyderabad.

&&&&&&&&&&&&&&&&&&&&&&

WEST ASIA (INTRO)

പശ്ചിമേഷ്യൻ സംഘർഷം അവസാനിപ്പിക്കാനായി അമേരിക്ക ഇറാൻ ചർച്ച തുടരുന്നു. പാർലമെന്റ് സ്പീക്കർ മുഹമ്മദ് ബാക്കർ ഖാലിബാഫിന്റെ നേതൃത്വത്തിലുള്ള ഇറാനിയൻ പ്രതിനിധി സംഘവും വൈസ് പ്രസിഡന്റ് ജെ ഡി വാൻസിന്റെ നേതൃത്വത്തിലുള്ള യുഎസ് പ്രതിനിധി സംഘവും ആണ് ചർച്ച നടത്തുന്നത്.

വിശദാംശങ്ങളിലേക്ക്...

(വോയിസ്)

ഇസ്ലാമാബാദിൽ ഇന്നലെ ആരംഭിച്ച ചർച്ചകൾ രാത്രി വൈകിയും തുടർന്നു. ലെബനനിൽ വെടിനിർത്തൽ നടപ്പാക്കാനുള്ള ശ്രമങ്ങൾ, യുഎസ് കൈവശം വച്ചിരിക്കുന്ന ഇറാനിയൻ സ്വത്തുക്കളുടെ മോചനം, ഹോർമുസ് കടലിടുക്കുമായി ബന്ധപ്പെട്ട വിഷയങ്ങൾ എന്നിവയാണ് ചർച്ചയിലെ പ്രധാന അജണ്ട. ഇസ്രായേലിന്റെ താൽപര്യങ്ങൾക്ക് അമേരിക്ക മുൻഗണന നൽകിയാൽ കരാറിലെത്തുക എളുപ്പമാകില്ലെന്ന് ഇറാൻ വൈസ് പ്രസിഡന്റ്

മുഹമ്മദ്-റേസ അരീഫ് മുന്നറിയിപ്പ് നൽകി. ചർച്ച സൗഹൃദ അന്തരീക്ഷത്തിൽ പുരോഗമിക്കുന്നുവെങ്കിലും ശുഭകരമായ വിവരങ്ങൾ ഇതുവരെ ഇല്ലെന്നാണ് ഇറാൻ വ്യക്തമാക്കുന്നത്. ചർച്ചകളുടെ ഫലം എന്തുതന്നെയായാലും അമേരിക്ക വിജയിക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രതികരിച്ചു. ലെബനനിലെ സൈനിക നടപടികൾ തുടരുമെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു അറിയിച്ചു.
ന്യൂസ്ഡെസ്ക് ആകാശവാണി...

****

SONOWAL- LPG VESSEL

എൽപിജി സിലിണ്ടറുകൾ വഹിച്ചുള്ള ഇന്ത്യൻ കപ്പൽ ജഗ് വിക്രം, പേർഷ്യൻ ഗൾഫ് മേഖലയിൽ നിന്ന് സുരക്ഷിതമായി യാത്ര തിരിച്ചതായി കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത മന്ത്രി സർബാനന്ദ സോനോവാൾ. ഇരുപത്തിനായിരത്തി, 412 മെട്രിക് ടൺ എൽപിജിയുമായി ഈ കപ്പൽ ബുധനാഴ്ച ഇന്ത്യയിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നതായും ശ്രീ സോനോവാൾ സാമൂഹിക മാധ്യമത്തിൽ പറഞ്ഞു.

****

MORN. JAISHANKAR UAE

കേന്ദ്ര വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിന്റെ രണ്ടു ദിവസത്തെ യു എ ഇ സന്ദർശനം ആരംഭിച്ചു. പശ്ചിമേഷ്യയിൽ നിലനിൽക്കുന്ന സംഘർഷങ്ങളെ സംബന്ധിച്ചും മേഖലയിലെ ഇന്ത്യൻ പൗരന്മാരുടെ സുരക്ഷയെക്കുറിച്ചും അബുദാബിയിൽ ശ്രീ ജയ്ശങ്കർ ഉന്നതതല ചർച്ചകൾ നടത്തും. ഇന്നലെ അദ്ദേഹം യുഎഇ ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ ഷെയ്ഖ് അബ്ദുല്ല ബിൻ സായിദ് അൽ നഹ്യാനുമായി കൂടിക്കാഴ്ച നടത്തി. മേഖലയിലെ പ്രാദേശിക സാഹചര്യത്തെയും അതിന്റെ പ്രത്യാഘാതങ്ങളെയും കുറിച്ച് ചർച്ചകൾ നടന്നു. ഇന്ത്യൻ സമൂഹത്തിന്റെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിൽ യുഎഇ സർക്കാർ നൽകുന്ന

പിന്തുണയ്ക്ക് വിദേശകാര്യ മന്ത്രി നന്ദി അറിയിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണവും തന്ത്രപരമായ പങ്കാളിത്തവും കൂടുതൽ ആഴത്തിലാക്കാനുള്ള വഴികളും ഇരു നേതാക്കളും അവലോകനം ചെയ്തു.

****

FOREIGN SECY-PARIS VISIT

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ഇന്നു മുതൽ ഈ മാസം 14 വരെ പാരീസിലും ബെർലിനിലും ഔദ്യോഗിക സന്ദർശനം നടത്തും. പാരീസിൽ, ഫ്രഞ്ച് വിദേശകാര്യ മന്ത്രാലയ സെക്രട്ടറിയുമായും ബെർലിനിൽ, ജർമ്മൻ വിദേശകാര്യ ഓഫീസ് സ്റ്റേറ്റ് സെക്രട്ടറിയുമായും ചേർന്ന്, വിദേശകാര്യ ഓഫീസ് കൺസൾട്ടേഷനുകൾക്ക് അദ്ദേഹം നേതൃത്വം നൽകും.

****

NHAI- FASTAG

രാജ്യത്തുടനീളമുള്ള നാഷണൽ ഹൈവേടോൾ പ്ലാസകളിലെ എല്ലാ പണമിടപാടുകളും ഡിജിറ്റൽ സംവിധാനങ്ങളായ ഫാസ്റ്റാഗ് അല്ലെങ്കിൽ യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ് - UPI എന്നിവ വഴി മാത്രമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി കേന്ദ്ര ഉപരിതല ഗതാഗത, ദേശീയ പാതാ മന്ത്രാലയം അറിയിച്ചു. തിരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ തമിഴ്നാട്, കേരളം, അസം, പശ്ചിമ ബംഗാൾ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശമായ പുതുച്ചേരിയിലും ഈ മാറ്റം നടപ്പിലാക്കിയിട്ടില്ലെന്നും മന്ത്രാലയം അറിയിച്ചു.

****

EXPORT DUTY ON DIESEL

ഡീസലിന്റെ കയറ്റുമതി തീരുവ ലിറ്ററിന് 21.5 രൂപയിൽ നിന്ന് 55.5 രൂപയായി വർദ്ധിപ്പിച്ചു. വ്യോമയാന ഇന്ധനത്തിന്റെ തീരുവ

ലിറ്ററിന് 29.5 രൂപയിൽ നിന്ന് 42 രൂപയായി വർദ്ധിപ്പിച്ചതായും കേന്ദ്ര ധനമന്ത്രാലയം അറിയിച്ചു. പെട്രോളിന്റെ കയറ്റുമതി തീരുവയിൽ വർധനയില്ല.

****

ELECTION COMMISSION

കേരളം, പുതുച്ചേരി, അസം നിയമസഭാ തിരഞ്ഞെടുപ്പുകൾ ആഗോള ശ്രദ്ധ ആകർഷിച്ചെന്ന് തിരഞ്ഞെടുപ്പ് കമ്മിഷൻ. അന്താരാഷ്ട്ര തിരഞ്ഞെടുപ്പ് അതിഥി പദ്ധതി പ്രകാരം 22 രാജ്യങ്ങളിൽ നിന്നുള്ള 38 പ്രതിനിധികൾ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങളിലെത്തി പ്രക്രിയകൾ നേരിട്ട് വിലയിരുത്തി. വോട്ടെടുപ്പിന്റെ വ്യാപ്തിയും കൃത്യതയും ഊർജ്ജസ്വലതയും പ്രതിനിധികൾ നിരീക്ഷിച്ചു. ജനാധിപത്യത്തിന്റെ യഥാർത്ഥ ഉത്സവം നേരിട്ടുകണ്ടെന്നാണ് അവർ പ്രതികരിച്ചത്. വോട്ട് ചെയ്യാനുള്ള ആളുകളുടെ ആവേശം നേരിൽ കണ്ടതായി ക്രൊയേഷ്യൻ പ്രതിനിധി പറഞ്ഞു.

****

WEST BENGAL ELECTION

പശ്ചിമ ബംഗാൾ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതം. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി, കത്വ, ജംഗിപൂർ, കുഷ്ടാണ്ടി എന്നിവിടങ്ങളിലെ മൂന്ന് റാലികളിൽ പങ്കെടുത്തു. പ്രീണന രാഷ്ട്രീയം അവസാനിപ്പിക്കുമെന്നും ഏകീകൃത സിവിൽ കോഡ് നടപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു. മുതിർന്ന ബിജെപി നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ ബങ്കുരയിലും പുരുലിയയിലും നടന്ന റാലികളെ അഭിസംബോധന ചെയ്തു. തൃണമൂൽ കോൺഗ്രസ് അധ്യക്ഷയും മുഖ്യമന്ത്രിയുമായ മമത ബാനർജി, ബങ്കുര, വെസ്റ്റ് മിഡ്നാപൂർ, ജാർഗ്രാം എന്നിവിടങ്ങളിൽ യോഗങ്ങളിൽ പങ്കെടുത്തു. യുവാക്കൾക്ക് തൊഴിലവസരങ്ങൾ ഉറപ്പാക്കിയിട്ടുണ്ടെന്നും ശ്രീമതി മമത ബാനർജി പറഞ്ഞു. 294

അംഗ പശ്ചിമ ബംഗാൾ നിയമസഭയിലേക്കുള്ള വോട്ടെടുപ്പ് ഏപ്രിൽ 23 നും ഏപ്രിൽ 29 നും രണ്ട് ഘട്ടങ്ങളിലായി നടക്കും. മെയ് 4 നാണ് വോട്ടെണ്ണൽ.

****

TAMILNADU ELECTION

തമിഴ്നാട്ടിൽ തിരഞ്ഞെടുപ്പ് പ്രചാരണം സജീവം. മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാർ മുൻഗണന നൽകി വരുന്നതായി എൻ ഡി എയ്ക്ക് വേണ്ടി പ്രചാരണത്തിനെത്തിയ മുതിർന്ന ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ പിയൂഷ് ഗോയൽ പറഞ്ഞു. ബിജെപി സ്ഥാനാർത്ഥിയും കേന്ദ്രമന്ത്രിയുമായ എൽ. മുരുകൻ വിവിധ സ്ഥലങ്ങളിൽ പ്രചാരണം നടത്തി. ഡിഎംകെ മേധാവിയും മുഖ്യമന്ത്രിയുമായ സ്റ്റാലിൻ പുതുക്കോട്ടയിൽ നടന്ന റോഡ് ഷോയിൽ പങ്കെടുത്തു.

****

KANNUR- ASSEMBLY ELECTION (INTRO)

സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പിൽ കണ്ണൂർ ജില്ലയിൽ ആകെ പോളിംഗ് 80.2 ശതമാനം. ഏറ്റവും കൂടുതൽ പേർ വോട്ട് ചെയ്തത് മട്ടന്നൂർ മണ്ഡലത്തിലാണ്, കുറവ് ഇരിക്കൂർ നിയമസഭാ മണ്ഡലത്തിലും.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ ശശിധരൻ...

(വോയിസ്)

****

JYOTIRAO PHULE

മഹാത്മാ ജ്യോതി റാവു ഫുലെയ്ക്ക് 200-ാം ജയന്തി ദിനത്തിൽ രാഷ്ട്രത്തിന്റെ ശ്രദ്ധാഞ്ജലി. പാർലമെന്റ് പരിസരത്തെ പ്രേരണ

സ്ഥലിൽ ജ്യോതിറാവു ഫുലെ പ്രതിമയിൽ പുഷ്പാർച്ചനയും പ്രാർത്ഥനാസഭയും നടന്നു. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓംബിർള, കേന്ദ്രമന്ത്രിമാരായ ജെ.പി. നഡ്ഡ, അർജുൻ റാം മേഘവാൾ, വീരേന്ദ്രകുമാർ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

****

CHEETAH- BIRTH KUNO NATIONAL PARK

മധ്യപ്രദേശിലെ കുനോ നാഷണൽ പാർക്കിലെ വനഭൂമിയിൽ, നാല് പുതിയ ചീറ്റ കുഞ്ഞുങ്ങൾ പിറന്നു. 25 മാസം പ്രായമുള്ള, ഗാമിനി-കെജിപി 12 എന്ന ചീറ്റയാണ് സ്വാഭാവിക സാഹചര്യങ്ങളിൽ വിജയകരമായി നാല് കുഞ്ഞുങ്ങൾക്ക് ജന്മം നൽകിയത്. ഇത്, രാജ്യത്തിന്റെ ചീറ്റ സംരക്ഷണ പദ്ധതിയിലെ ഒരു നാഴികക്കല്ലാണെന്ന് കേന്ദ്ര മന്ത്രി ഭൂപേന്ദർ യാദവ് പറഞ്ഞു. ചീറ്റ സംരക്ഷണത്തിൽ രാജ്യം നടത്തുന്ന സുസ്ഥിരവും ശാസ്ത്രീയവുമായ ശ്രമങ്ങളുടെ വിജയമാണിതെന്ന് പറഞ്ഞ കേന്ദ്രമന്ത്രി, ഈ സംരംഭത്തിൽ ഏർപ്പെട്ടിരിക്കുന്ന ഡോക്ടർമാർ, വനപാലകർ, മറ്റ് ജീവനക്കാർ, എന്നിവരുടെ സമർപ്പണത്തെ പ്രശംസിച്ചു.

****

WEATHER KERALA (INTRO)

സംസ്ഥാനത്ത് കനത്തചൂടും ഉഷ്ണതരംഗ സാധ്യതയും പ്രവചിച്ച് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്നും നാളെയും ചൂട് ഏറ്റവും ഉയർന്ന നിലയിലെത്തുമെന്നാണ് പ്രവചനം.

ഒരു റിപ്പോർട്ട്...

(വോയിസ്)

മഞ്ഞ ജാഗ്രത പ്രഖ്യാപിച്ച 11 ജില്ലകളിൽ പാലക്കാടാണ് ഏറ്റവും കൂടുതൽ ചൂടിന് സാധ്യത. താപനില 40 ഡിഗ്രി സെൽഷ്യസ് വരെ ഉയർന്നേക്കാം. കൊല്ലം ജില്ലയിൽ 39 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരും. തൃശൂർ, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, എറണാകുളം ജില്ലയിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും കാസർകോട്, കണ്ണൂർ, മലപ്പുറം, തിരുവനന്തപുരം ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും ചൂട് അനുഭവപ്പെടാം. കനത്തചൂട് നിർജലീകരണം, സൂര്യതാപം, സൂര്യാഘാതം തുടങ്ങിയ ആരോഗ്യ പ്രശ്നങ്ങൾക്ക് ഇടയാക്കാം. ധാരാളം വെള്ളം കുടിക്കുകയും നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുകയും വേണം. പകൽ 11 മുതൽ വൈകിട്ട് 4 വരെ ജാഗ്രത പാലിക്കണം. ഇന്നും നാളെയും ഒറ്റപ്പെട്ടയിടങ്ങളിൽ മിന്നലോട് കൂടിയ വേനൽമഴ ലഭിക്കും.

ന്യൂസ്ഡെസ്ക് ആകാശവാണി..

****

IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ, ചെന്നൈ സൂപ്പർ കിംഗ്സിനും പഞ്ചാബ് കിംഗ്സിനും വിജയം. ഇന്നലെ നടന്ന മത്സരത്തിൽ, ചെന്നൈ സൂപ്പർ കിംഗ്സ് - ഡൽഹി ക്യാപിറ്റൽസിനെ 23 റൺസിനും, പഞ്ചാബ് കിംഗ്സ് - സൺറൈസേഴ്സ് ഹൈദരാബാദിനെ ആറ് വിക്കറ്റിനും പരാജയപ്പെടുത്തി. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ലക്നൗ സൂപ്പർ ജയന്റ്സ് - ഗുജറാത്ത് ടൈറ്റൻസിനെയും, മുംബൈ ഇന്ത്യൻസ് - റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെയും നേരിടും. വൈകുന്നേരം 3.30നും, രാത്രി 7.30നുമാണ് മത്സരങ്ങൾ.

****

ISL FOOTBALL

ഐഎസ്എൽ ഫുട്ബോളിൽ, കേരള ബ്ലാസ്റ്റേഴ്സിനും ഈസ്റ്റ് ബംഗാളിനും ജയം.

*

****

****